RCS/3851/2021-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: **16.08.2021**

**സർക്കുലർ നം35/2021**

വിഷയം- സഹകരണ വകുപ്പ്- കോവിഡ്-19-വ്യാപനം- സാമ്പത്തിക പാക്കേജ്-സാമൂഹ്യസുരക്ഷ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL(PHH), AAY കുടുംബത്തിനും സാമ്പത്തിക സഹായം-സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി ഗുണഭോക്താക്കൾക്ക് വീടുകളിൽ എത്തിച്ചുകൊടുക്കുന്ന പദ്ധതി- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം- (1) സർക്കാരിന്റെ 24.06.2021 ലെ സ.ഉ(സാധാ) നം. 4650/2021/ ധന. നമ്പർഉത്തരവ്.

കോവിഡ്-19-ന്റെ രണ്ടാം വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യസുരക്ഷ പെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL (PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി 1000/-രൂപ വീതം നൽകുന്നതിന് സംസ്ഥാന സർക്കാർ പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി തുകകൾ വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ സാമൂഹ്യസുരക്ഷ പെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത 14,78,236 BPL (PHH), അന്ത്യോദയ അന്നയോജന കുടുംബങ്ങൾക്കാണ് 1,000/-രൂപ നിരക്കിൽ 147,82,36,000/-രൂപ വിതരണം നടത്തേണ്ടത്. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരുടെ ഈ ആവശ്യത്തിലേയ്ക്കായി ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ TSB അക്കൗണ്ടിലേയ്ക്ക് മേൽ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.
2. പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ ഒരു സ്പെഷ്യൽ TSB അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.
3. നിലവിൽ സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം നടത്തുന്ന സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി ബന്ധപ്പെട്ടവർ മുഖേന ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം നടത്തേണ്ടത്.
4. ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തിരിച്ച് ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്ക് ലഭ്യമാക്കുന്നതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ ആധാർ/മറ്റേതെങ്കിലും നിയമസാധ്യതയുള്ള രേഖ (ആധാർ ഇല്ലാത്തവരുടെ കാര്യത്തിൽ)പരിശോധിച്ച് ഒപ്പോ വിരലടയാളമോ രേഖപ്പെടുത്തി തുക സമയബന്ധിതമായി വിതരണം നടത്തേണ്ടതാണ്.

5. ഓരോ പ്രാഥമിക സഹകരണ സംഘങ്ങളുടേയും പ്രവർത്തനമേഖലയിലെ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർആവശ്യമായ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.
6. ടി പദ്ധതി പ്രകാരം 18.08.2021 മുതൽ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സഹായ ധനം വിതരണം നടത്തേണ്ടതും, 10.09.2021 ന് മുൻപായി വിതരണം പൂർത്തീകരിച്ച് ബാക്കി തുക അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ സെപ്ഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ്.
7. വിതരണത്തിന് ആവശ്യമായ തുക ഒന്നായി പിൻവലിക്കാതെ ഘട്ടംഘട്ടമായി പിൻവലിച്ച് വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനാവശ്യമായ നിർദ്ദേശം അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സംഘം അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.
8. ടി പദ്ധതി പ്രകാരംധനസഹായം വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ കോവിഡ് 19 രോഗ വ്യാപന സാധ്യത കണക്കിലെടുത്ത് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് ജില്ലാ ഭരണകൂടത്തിന്റേയും തദ്ദേശ സ്വയംഭരണകൂടത്തിന്റേയും നിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കൾക്ക് സഹായധനം വിതരണം ചെയ്യേണ്ടതാണ്.
9. ധനസഹായ വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള (അനുബന്ധം) സത്യവാങ്മൂലം പണം സ്വീകരിക്കുന്ന ഗ്രഹനാഥൻ/ഗ്രഹനാഥയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതും കുടുംബത്തിലുള്ള റേഷൻകാർഡിൽ പേരുള്ള പ്രായപൂർത്തിയായ അംഗങ്ങളുടെ പേരും ആധാർ നമ്പരും (ലഭ്യമായത്) സത്യവാങ്മൂലത്തിൽ തന്നെ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. ഇപ്രകാരം രേഖപ്പെടുത്തൽ വരുത്തിയ സാത്യവാങ്മൂലങ്ങൾ അതാത് ദിവസം സംഘം ശേഖരിച്ച് വിതരണം നടത്തുന്നതിനായി സംഘത്തിന് നൽകിയിട്ടുള്ള പട്ടികയിൽ പൂർണ്ണമായി എല്ലാപേരുടേയും(ഗൃഹനാഥ/ഗൃഹനാഥന്റെയും മറ്റ് പ്രായപൂർത്തിയായ അംഗങ്ങളുടേയും പേരും ആധാർ നമ്പറും ഉൾപ്പെടെ എക്സൽ ഫോർമാറ്റിൽ പുതിയ കോളങ്ങളായി രേഖപ്പെടുത്തി തയ്യാറാക്കേണ്ടതും പട്ടികയുടെ സോഫ്റ്റ് കോപ്പിയും ഹാർഡ് കോപ്പിയും സാത്യവാങ്മൂലങ്ങളോടോപ്പം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരിശോധിച്ച് ഒപ്പവച്ച് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്ക് സമർപ്പിക്കേണ്ടതും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ആയത് ക്രോഡീകരിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് 30.09.2021 തീയിതി സമർപ്പിക്കേണ്ടതുമാണ്.

10. നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നതിലെയ്ക്കായി ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള മോണിട്ടറിംഗ് സംവിധാനം ടി പദ്ധതിക്കും ബാധകമായിരിക്കുന്നതാണ്.

11. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ടി പദ്ധതി പ്രവർത്തനം നിയന്ത്രിക്കുന്നതിനായി അഡീഷണൽ രജിസ്ട്രാർ (ജനറൽ) ന്റെ മേൽ നോട്ടത്തിൽ ഒരു സെൽ രൂപീകരിക്കുന്നതും ഒരോ ജില്ലയ്ക്ക് ഒരു ഉദ്യോഗസ്ഥന് ചുമതല നൽകുന്നതുമാണ്.

12. ടി സാമ്പത്തിക സഹായം വിതരണം ചെയ്യുന്ന സഹകരണബാങ്ക്/ സംഘങ്ങളിലെ ജീവനക്കാർക്ക് സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം നടത്തുമ്പോൾ ലഭ്യമാകുന്ന ഇൻസെന്റീവ് ടി പദ്ധതിക്കും ലഭിക്കുന്നതാണ്.

13. ജില്ലകളിൽ ലഭ്യമായ പട്ടികയിലെ ഗുണഭോക്താവിനു തന്നെയാണോ ടി ആനുകൂല്യം ലഭിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് അതാത് യൂണിറ്റ് ഇൻസ്പക്ടർമാർ/ആഡിറ്റർമാർ എന്നിവർ 10% വീതമെങ്കിലുംആകസ്മിക (Random) പരിശോധന നടത്തേണ്ടതാണ്.

14. സാമ്പത്തിക സഹായം സ്വീകരിക്കുന്നവരുടെ അർഹത സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം (നോൺ ടെക്നിക്കൽ) ആകസ്മിക (Random) പരിശോധന നടത്തുന്നതായിരിക്കും.

(ഒപ്പ്)

പി.ബി.നൂഹ് ഐ.എ.എസ്.

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
8. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
9. എഡിറ്റർ/സഹകരണ വീഥി,
10. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

**അനുബന്ധം**

# സത്യപ്രസ്താവന

<table>
<tr><td>റേഷൻ കാർഡ് ഉടമയുടെ പേര്:<br>വയസ്സ് :</td><td></td></tr>
<tr><td>ആധാർ നമ്പർ/വോട്ടർ ഐ.ഡി. നമ്പർ</td><td></td></tr>
<tr><td>കുടുംബത്തിലെ മുതിർന്ന മൂന്ന് അംഗങ്ങളുടെ പേര്<br>1.<br>2.<br>3.</td><td>ആധാർ നമ്പർ<br><br>1.<br>2.<br>3.</td></tr>
<tr><td>മേൽ വിലാസം</td><td></td></tr>
<tr><td>റേഷൻ കാർഡ് നമ്പർ</td><td></td></tr>
<tr><td>ബാങ്ക് അക്കൗണ്ട് നമ്പർ</td><td></td></tr>
<tr><td colspan="2">എനിക്കോ എന്റെ കുടുംബത്തിനോ കോവിഡ്-19 തുമായി ബന്ധപ്പെട്ട് ക്ഷേമ പെൻഷനോ ക്ഷേമനിധി ബോർഡ് പെൻഷനോ സർക്കാരിൽ നിന്നുള്ള മറ്റ് യാതൊരുവിധ സാമ്പത്തിക സഹായങ്ങളോ ലഭിച്ചിട്ടില്ലായെന്നും അങ്ങനെ ലഭിച്ചതായി പിന്നീട് ബോധ്യപ്പെട്ടാൽ ഇപ്പോൾ ലഭിച്ച തുക തിരിച്ചടക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണെന്നും ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.<br>ഞാൻ ഇതോടൊപ്പം ലഭ്യമാക്കിയിട്ടുള്ള ആധാർ നമ്പർ/ഐ.ഡി നമ്പർ കോവിഡ് 19 തുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം ലഭിക്കുന്ന കാര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.<br>കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പാക്കേജ് പ്രകാരമുള്ള തുകയായ 1000/-(ആയിരം രൂപ) രൂപ ................ തീയതിയിൽ കൈപ്പറ്റിയിരിക്കുന്നു.</td></tr>
<tr><td>തീയതി:</td><td>ഒപ്പ്:<br><br>പേര്:</td></tr>
</table>